2026
SEPTEMBER
22
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



# വ്യോമയാന കൺസൾട്ടൻസി മേഖലയിലേക്ക് സിയാൽ

**നെടുമ്പാശേരി:** കൊച്ചി രാജ്യാന്തര വിമാനത്താവളം (സിയാൽ) ആഗോള വ്യോമയാന കൺസൾട്ടൻസി മേഖലയിലേക്കു ചുവടുവയ്ക്കുന്നു. സിയാലിന്റെ പുതിയ സംരംഭമായ സിയാൽ ഏവിയേഷൻ കൺസൾട്ടൻസി ആൻഡ് എക്സ്പെർട്ട് സർവീസസ് (എയ്സസ് ) 24ന് മുഖ്യമന്ത്രിയും സിയാൽ ചെയർമാനുമായ വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും.

കേവലം വിമാനത്താവള നടത്തിപ്പിൽ ഒതുങ്ങാതെ തങ്ങളുടെ ആഗോള നിലവാരത്തിലുള്ള വൈദഗ്ധ്യം മറ്റു വിമാനത്താവളങ്ങൾക്കും വ്യോമയാന സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകയാണ് എയ്സെസിലൂടെ സിയാൽ ലക്ഷ്യമിടുന്നത്. വിമാനത്താവള നിർമാണം, എൻജിനിയറിംഗ്, സുരക്ഷ, വാണിജ്യ മാനേജ്മെൻറ്, ഡിജിറ്റൽവത്കരണം, സുസ്ഥിര വികസനം തുടങ്ങിയ മേഖലകളിൽ സിയാൽ കൈവരിച്ച നേട്ടങ്ങളും പ്രായോഗിക അറിവുകളും ഇനി മറ്റു സ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുത്താൻ കഴിയും.

ഇന്ത്യയിലും വിദേശത്തുമുള്ള സർക്കാർ ഏജൻസികൾ, റെഗുലേറ്ററി അതോറിറ്റികൾ, എയർപോർട്ട് ഓപ്പറേറ്റർമാർ, വിമാന കമ്പനികൾ, നിക്ഷേപകർ എന്നിവർക്ക് ഈ സേവനങ്ങൾ ലഭ്യമാകും. രണ്ടു പ്രധാന വിഭാഗങ്ങളിലായാണ് ഇതിന്റെ പ്രവർത്തനം.

വ്യോമയാന കൺസൾട്ടൻസി ആൻഡ് അഡ്വൈസറി വിഭാഗത്തിൽ എയർപോർട്ട് മാസ്റ്റർ പ്ലാനിംഗ്, നിർമാണം, വാണിജ്യ മാനേജ്മെൻറ്, റെഗുലേറ്ററി വിഷയങ്ങൾ എന്നിവയിൽ തന്ത്രപരമായ ഉപദേശങ്ങളും പിന്തുണയും നൽകും. രണ്ടാമത്തെ വിഭാഗമായ എയർപോർട്ട് സർവീസസ്, ഓഡിറ്റ് ആൻഡ് ടെക്നിക്കൽ സപ്പോർട്ടിൽ സിയാലിന്റെ വിദഗ്ധരെ മറ്റ് വിമാനത്താവളങ്ങളിൽ നേരിട്ട് നിയോഗിച്ച് സാങ്കേതിക പിന്തുണ, ഓഡിറ്റുകൾ, പ്രകടനശേഷി വർധിപ്പിക്കാനുള്ള ഇടപെടലുകൾ എന്നിവ നടപ്പിലാക്കും.

പരമ്പരാഗത കൺസൾട്ടൻസി രീതികളിൽനിന്നു വ്യത്യസ്തമായി പ്രായോഗിക തലത്തിൽ നേരിട്ട് സേവനങ്ങൾ നടപ്പിലാക്കാൻ സഹായിക്കുന്ന മാതൃകയാണ് എയ്സസ് വിഭാവനം ചെയ്യുന്നത്. എയർപോർട്ട് പ്ലാനിംഗ്, എയർസൈഡ് ഇൻഫ്രാസ്ട്രക്ചർ, കാർഗോ, ഗ്രൗണ്ട് ഹാൻഡ്ലിംഗ്, റിയൽ എസ്റ്റേറ്റ് വികസനം, സേഫ്റ്റി ഓഡിറ്റുകൾ തുടങ്ങിയ സമഗ്ര സേവനങ്ങൾ ഇതിലൂടെ ലഭ്യമാകും.

കൊച്ചിക്കു പുറത്തേക്കു സിയാലിന്റെ പ്രവർത്തന വ്യാപ്തി വർധിപ്പിക്കുന്നതിനൊപ്പം കമ്പനിക്കു സുസ്ഥിരമായ ഒരു പുതിയ വരുമാന സ്രോതസ് സൃഷ്ടിക്കാനും ഈ പദ്ധതി വഴിയൊരുക്കുമെന്നു സിയാൽ മാനേജ്മെൻറ് വ്യക്തമാക്കി.

# പ്രവാസി നിക്ഷേപം ആകർഷിക്കാൻ സുതാര്യമായ സംവിധാനം ആവശ്യമെന്ന് വിദഗ്ധർ



**തിരുവനന്തപുരം:** കേരളത്തിൽ വളർന്നുവരുന്ന മേഖലകളിലേക്കു കൂടുതൽ പ്രവാസി നിക്ഷേപം എത്തിക്കുന്നതിന് കൃത്യവും സുതാര്യവുമായ സംവിധാനം ഒരുക്കണമെന്ന് വിദഗ്ധർ.

റീ ഇമാജിനിംഗ് കേരളം പരിപാടിയുടെ സമാപനദിനത്തിൽ സംഘടിപ്പിച്ച 'പ്രവാസി പാർട്ണർഷിപ്' സെഷനിലാണ് വിദഗ്ധർ ഇക്കാര്യം ചൂണ്ടിക്കാട്ടിയത്. ഇന്ത്യയുടെ നിലവിലുള്ള ആഗോള ബിസിനസ് ശൃംഖലയുമായി കേരളത്തെ ബന്ധിപ്പിക്കുന്നതിനൊപ്പം വിവിധ മാർഗങ്ങളിലൂടെ നിക്ഷേപകരെ സംസ്ഥാനത്തേക്ക് എത്തിക്കേണ്ടതുണ്ടെന്നും അവർ പറഞ്ഞു.

നോർക്ക സ്പെഷൽ സെക്രട്ടറി അഞ്ജന എം സെഷനിൽ അധ്യക്ഷത വഹിച്ചു. നോർക്ക ഡയറക്ടർ ആസിഫ് കെ. യൂസഫ്, നോർക്ക സിഇഒ രാജേഷ് മാധവൻ, പ്രവാസി സംരംഭകർ തുടങ്ങിയവർ സെഷനിൽ പങ്കെടുത്തു. പ്രവാസി നിക്ഷേപങ്ങൾക്ക് കൃത്യമായ ഒരു സംവിധാനം ഒരുക്കുകയാണ് ചർച്ചയുടെ പ്രധാന ലക്ഷ്യമെന്ന് അഞ്ജന എം പറഞ്ഞു. പ്രതിവർഷം ഏകദേശം 2.17 ലക്ഷം കോടി രൂപ കേരളത്തിലേക്ക് പ്രവാസി നിക്ഷേപമായി എത്തിക്കുന്നുണ്ട്. കൂടാതെ, ഏകദേശം മൂന്ന് ലക്ഷം കോടി രൂപ പ്രവാസികളുടെ ബാങ്ക് നിക്ഷേപമായുണ്ട്.

കേരളത്തിൽ ലഭ്യമായ മൂലധനത്തിന്റെ ചെറിയൊരു ഭാഗമെങ്കിലും ഇവിടെ നിക്ഷേപിക്കുന്നതിനുള്ള സുഗമമായ സംവിധാനം വേണം. 202627 ലെ സംസ്ഥന ബജറ്റിലാണ് പ്രവാസി പാർട്ണർഷിപ്പ് പദ്ധതി പ്രഖ്യാപിച്ചതെന്നും അഞ്ജന പറഞ്ഞു. ഓരോ പദ്ധതിക്കുമായി നിക്ഷേപകരെ പ്രത്യേകം സമീപിക്കുന്നതിനു പകരം നിക്ഷേപത്തിന് അനുയോജ്യമായ പദ്ധതികളുടെ ഒരു പട്ടിക തയാറാക്കണമെന്ന് ജിഐഎഫ് പ്രതിനിധി ശ്രീധർ പറഞ്ഞു. പദ്ധതികളുടെ സാധ്യതകൾ വിലയിരുത്തി അനുയോജ്യമായ നിക്ഷേപകരുമായി ബന്ധിപ്പിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

പ്രവാസികൾക്കായി ഒരുക്കുന്ന നിക്ഷേപ പദ്ധതികളിൽ പണത്തിന് സുരക്ഷയും ആവശ്യമെങ്കിൽ പിൻവലിക്കാനുള്ള സൗകര്യവും ഒരുക്കണമെന്ന് ഐബിപിസി ദുബായ് പ്രതിനിധി എം അബ്ദുൾ കരീം പറഞ്ഞു. നിക്ഷേപത്തേക്കൾ മികച്ച വരുമാനവും ബാങ്ക് ഉറപ്പാക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

ആരോഗ്യം, ഭക്ഷ്യസുരക്ഷ, ലോജിസ്റ്റിക്സ്, ടൂറിസം, സാങ്കേതികവിദ്യ, ഊർജം, മാനവവിഭവശേഷി തുടങ്ങിയ മേഖലകളിലെ നിക്ഷേപ സാധ്യതകൾ കേരളം കൂടുതലായി നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ), ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (എഫ്ഐസിസിഐ), നാസ്കോം, അസോചം, ട്രേഡ് പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ടിപിസിഐ), ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻസ് (എഫ്ഐഇഒ) തുടങ്ങിയ സംഘടനകളും വിവിധ രാജ്യങ്ങളിലെ എംബസികളും സംഘടിപ്പിക്കുന്ന പ്രധാന സമ്മേളനങ്ങളിൽ കേരളം സജീവമായി പങ്കെടുക്കണമെന്നുമുള്ള നിർദേശം പ്രതിനിധികൾ മുന്നോട്ടുവച്ചു.




# കംപ്രസ്ഡ് ബയോഗ്യാസിനായുള്ള ഗോബർധൻ പദ്ധതിക്ക് തുടക്കം

**ന്യൂദൽഹി:** കംപ്രസ്ഡ് ബയോഗ്യാസിനായുള്ള (സിബിജി) ഗോബർധൻ പദ്ധതിക്ക് തുടക്കമായി. സിബിജി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി 23,731 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

ഉത്പാദിപ്പിക്കുന്ന സിബിജിയുടെ നൂറുശതമാനവും സംഭരിക്കുന്നത് ഉറപ്പാക്കുന്നതിനൊപ്പം, അടുത്ത 10 വർഷത്തേക്ക് സ്ഥിരവിലയും പദ്ധതിയിലൂടെ ലഭ്യമാക്കുമെന്ന് പെട്രോളിയംപ്രകൃതിവാതക മന്ത്രാലയം വ്യക്തമാക്കി.




കന്നുകാലികളുടെ ചാണകം, കാർഷിക അവശിഷ്ടങ്ങൾ, ഭക്ഷണാവശിഷ്ടങ്ങൾ, മറ്റ് ജൈവവസ്തുക്കൾ തുടങ്ങിയവയെ ബയോഗ്യാസ്, സിബിജി, ജൈവവളം തുടങ്ങിയ ഉപയോഗപ്രദമായ ഉത്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതിയാണ് ഗോബർധൻ. പദ്ധതിയുടെ പേരായ ഗോബർധൻ എന്നത് ഗാൽവനൈസിംഗ് ഓർഗാനിക് ബയോ അഗ്രോ റിസോഴ്സസ് ധൻ എന്നതിന്റെ ചുരുക്കരൂപമാണ്.

സിബിജി ഉത്പാദകർക്ക് കൂടുതൽ സ്ഥിരതയുള്ള ഒരു വിപണി ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇത് നടപ്പിലാക്കുന്നത് 2026–27 മുതൽ 2035–36 വരെയുള്ള കാലയളവിലാണ്.

സിബിജിയുടെ വിപണനം, വിലനിർണയ മാനദണ്ഡങ്ങൾ, മൂലധന സഹായം, പൈപ്പ്ലൈൻ അടിസ്ഥാന സൗകര്യങ്ങൾ, വായ്പ ഗ്യാരണ്ടി, സിബിജി ഇക്കോസിസ്റ്റം ചലഞ്ച് ഫണ്ട് എന്നിങ്ങനെ ആറ് ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടെന്ന് മന്ത്രാലയത്തിന്റെ മാർഗരേഖയിൽ പറയുന്നു.



# തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലുള്ള ഗവണ്മെന്റിന്റെ പ്രതിബദ്ധതയാണ് റോസ്ഗാർ മേള പ്രതിഫലിപ്പിക്കുന്നത്: സുരേഷ് ഗോപി

**കൊച്ചി:** തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലുള്ള ഗവണ്മെന്റിന്റെ പ്രതിബദ്ധതയും രാജ്യത്തിന്റെ വികസനത്തിന് സംഭാവന നൽകാൻ യുവജനങ്ങൾക്ക് അവസരം നൽകുന്നതിനുള്ള ഗവണ്മെന്റിന്റെ ശ്രമങ്ങളുമാണ് റോസ്ഗാർ മേള പ്രതിഫലിപ്പിക്കുന്നതെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക, ടൂറിസം സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു.

കൊച്ചിയിൽ ആദായനികുതി വകുപ്പ് സംഘടിപ്പിച്ച റോസ്ഗാർ മേളയെ അഭിസംബോധന ചെയ്യവെ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ തൊഴിൽസൃഷ്ടി എന്നത് വെറുമൊരു വാഗ്ദാനത്തിനപ്പുറം മുന്നേറിയിട്ടുണ്ടെന്നും, തുടർച്ചയായ ദൗത്യങ്ങളിലൂടെയും മേളകളിലൂടെയും സുസ്ഥിരമായ ഒരു പ്രക്രിയയായി ഇതിനെ മാറ്റിയെന്നും, സുതാര്യവും മെറിറ്റ് അടിസ്ഥാനമാക്കിയുള്ളതുമായ നടപടിക്രമങ്ങളിലൂടെയാണ് നിയമനങ്ങൾ നടത്തുന്നതെന്നും സുരേഷ് ഗോപി പറഞ്ഞു.

സത്യസന്ധതയോടും വിട്ടുവീഴ്ചയില്ലാത്ത ആർജ്ജവത്തോടും കൂടി രാജ്യത്തെ സേവിക്കാൻ പുതുതായി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളോട് കേന്ദ്രമന്ത്രി ആഹ്വാനം ചെയ്തു.

ഭരണനിർവഹണത്തിന്റെ സ്വഭാവം നിരന്തരം മാറിക്കൊണ്ടിരിക്കുകയാണെന്നും, പൊതുസേവനത്തിൽ നൈപുണ്യം, പൊരുത്തപ്പെടാനുള്ള കഴിവ്, തുടർച്ചയായ പഠനം എന്നിവയുടെ പ്രാധാന്യം യുവ ഉദ്യോഗസ്ഥർ തിരിച്ചറിയണമെന്നും സുരേഷ് ഗോപി വ്യക്തമാക്കി. നൈപുണ്യ വികസനത്തിലും ശേഷി വർദ്ധിപ്പിക്കുന്നതിലും ഗവണ്മെന്റ് നടത്തുന്ന നിക്ഷേപങ്ങൾ ചൂണ്ടിക്കാട്ടിയ അദ്ദേഹം, മിഷൻ കർമ്മയോഗി പോലുള്ള സംരംഭങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്നും ഉദ്യോഗാർഥികളോട് ആവശ്യപ്പെട്ടു.

മറ്റുള്ളവരെ കേൾക്കുകയും അവരിൽ നിന്ന് പഠിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് എടുത്തുപറഞ്ഞുകൊണ്ട്, മുതിർന്ന ഉദ്യോഗസ്ഥരെയും ഫീൽഡ് തലത്തിലുള്ള ജീവനക്കാരെയും തങ്ങൾക്ക് സേവിക്കാൻ അവസരം ലഭിച്ചിട്ടുള്ള പൗരന്മാരെയും ശ്രദ്ധയോടെ കേൾക്കുന്ന ശീലം വളർത്തിയെടുക്കാൻ അദ്ദേഹം യുവ ഉദ്യോഗസ്ഥരെ ഉപദേശിച്ചു. ദേശീയ വികസനം എന്ന പൊതു ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന പരസ്പര ബന്ധിതമായ ഒരു ബൃഹത്തായ സംഘത്തിന്റെ ഭാഗമാണ് ഓരോ പൊതു സേവകനും എന്ന് അദ്ദേഹം പറഞ്ഞു.

'അധികാരവും പദവിയും വ്യക്തിപരമായ സൗകര്യങ്ങൾക്കുള്ള ആനുകൂല്യങ്ങളല്ല; മറിച്ച് ഇന്ത്യയിലെ പൗരന്മാർ നിങ്ങളുടെ ചുമലിൽ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങളാണ്,' സുരേഷ് ഗോപി പറഞ്ഞു.

സത്യസന്ധതയെ പൊതുസേവനത്തിന്റെ മാർഗ്ഗനിർദ്ദേശ തത്വമാക്കാനും സ്വന്തം പെരുമാറ്റത്തിലൂടെ മാതൃകാപരമായ ഒരു പാരമ്പര്യം കെട്ടിപ്പടുക്കാനും പുതുതായി നിയമിതരായ ഉദ്യോഗാർത്ഥികളോട് അദ്ദേഹം ആഹ്വാനം ചെയ്തു.

പുതുതായി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ അഭിനന്ദിച്ച അദ്ദേഹം, രാജ്യസേവനത്തിനായി സമർപ്പിക്കപ്പെട്ട, ഫലപ്രദവും ആഴത്തിൽ സംതൃപ്തി നൽകുന്നതുമായ ഒരു ഔദ്യോഗിക ജീവിതം അവർക്ക് ആശംസിക്കുകയും ചെയ്തു.

ദേശീയ റോസ്ഗാർ മേള സംരംഭത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗിലൂടെ പുതുതായി നിയമിതരായ 51,000ത്തിലധികം ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവുകൾ വിതരണം ചെയ്യുകയും പ്രചോദനാത്മകമായ സന്ദേശം നൽകുകയും ചെയ്തു. കൊച്ചിയിലെ ചടങ്ങിൽ പങ്കെടുത്തവർ ഈ പരിപാടിയുടെ തത്സമയ വെബ്കാസ്റ്റ് വീക്ഷിച്ചു.

കൊച്ചിയിലെ ആദായനികുതി വകുപ്പ് സംഘടിപ്പിച്ച റോസ്ഗാർ മേളയിൽ 183 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവുകൾ കൈമാറി. ധനകാര്യ സേവന വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തപാൽ വകുപ്പ്, ജലവിഭവ നദീവികസനഗംഗാ പുനരുജ്ജീവന വകുപ്പ്, പ്രതിരോധ മന്ത്രാലയം, കേന്ദ്ര പൊതുമരാമത്ത് വകുപ്പ്, സ്ഥിതിവിവരക്കണക്ക് പദ്ധതി നിർവ്വഹണ മന്ത്രാലയം, കൺട്രോളർ ഓഫ് ഡിഫൻസ് അക്കൗണ്ട്സ്, ആദായനികുതി വകുപ്പ് എന്നിവയിലേക്കുള്ള നിയമനങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു ഈ ഉത്തരവുകൾ.

കേരള ലക്ഷദ്വീപ് പ്രിൻസിപ്പൽ ചീഫ് കമ്മീഷണർ ഓഫ് ഇൻകം ടാക്സ് പീയൂഷ് ജെയിൻ കണ്ടട, ചടങ്ങിൽ പങ്കെടുത്തു.

# സ്ത്രീസുരക്ഷയ്ക്കും തൊഴിൽ സൗഹൃദത്തിനും മുൻഗണന നൽകും: മന്ത്രി ബിന്ദു കൃഷ്ണ



**തിരുവനന്തപുരം:** സംസ്ഥാനത്ത് സ്ത്രീസുരക്ഷയ്ക്കും തൊഴിൽ സൗഹൃദ നയത്തിനും സർക്കാർ പ്രഥമ പരിഗണന നൽകുമെന്ന് വനിതാ ശിശുവികസന, തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ. സ്ത്രീകൾക്ക് ജനിക്കാനും വളരാനും ജോലി ചെയ്യാനും നേതൃനിരയിലേക്ക് എത്താനും കഴിയുന്ന മികച്ച ഇടമായി കേരളത്തെ മാറ്റും. സ്ത്രീകൾക്കും കുട്ടികൾക്കും അതിക്രമങ്ങളും ഭയവുമില്ലാതെ ജീവിക്കാനുള്ള സാഹചര്യം ഉറപ്പാക്കും. ഇതിനായി സമഗ്രമായ പുതിയ വനിതാ നയം രൂപീകരിച്ചുവരികയാണ്.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർധിപ്പിക്കുന്നതിനും സർക്കാർ പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ട്. മാതൃത്വത്തിന് ശേഷം തൊഴിൽരംഗത്തേക്ക് തിരിച്ചെത്താൻ ബുദ്ധിമുട്ടുന്ന സ്ത്രീകൾക്ക് ആവശ്യമായ പിന്തുണ നൽകും. പ്രസവാനന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഡിജിറ്റൽ ഇടങ്ങളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും അധിക്ഷേപങ്ങളും തടയാൻ നിയമപരമായ കർശന നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

തൊഴിലാളികളുടെയും തൊഴിലുടമകളുടെയും താത്പര്യങ്ങൾ ഒരുപോലെ സംരക്ഷിക്കുന്ന തൊഴിൽ സൗഹൃദനയമാണ് സർക്കാരിന്റേതെന്നും മന്ത്രി വ്യക്തമാക്കി. തൊഴിൽ വകുപ്പിന്റെ ഇടപെടലിലൂടെ കഴിഞ്ഞ നാല് മാസത്തിനിടെ പത്തോളം പ്രധാന തൊഴിൽ തർക്കങ്ങൾ പരിഹരിക്കാൻ സാധിച്ചു. പാൽ ഉത്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി ക്ഷീരകർഷകർക്ക് പരമാവധി സഹായം നൽകുമെന്നും 'മിൽമ'യെ ദേശീയ തലത്തിലേക്ക് ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾ നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

തിരുവനന്തപുരം ലീല കോവളം ഹോട്ടലിൽ ഇന്ത്യ ടുഡെ സംഘടിപ്പിച്ച റൗണ്ട് ടേബിൾ കേരളം കോൺക്ലേവിൽ 'വനിതാ പവർ' സെഷനിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

# ഓപ്പറേഷൻ തൂഫാൻ രണ്ടാംഘട്ടത്തിലേക്ക്; ഗ്രാമങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കും: മന്ത്രി

**തിരുവനന്തപുരം:** ലഹരിവിരുദ്ധ പോരാട്ടത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിയുടെ രണ്ടാം ഘട്ടം സെപ്റ്റംബർ 28ന് ആരംഭിക്കുമെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല. രണ്ടാംഘട്ടത്തിൽ പദ്ധതി ഗ്രാമങ്ങളിലേക്കും തദ്ദേശ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും. സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ ഓപ്പറേഷൻ തൂഫാൻ കൂടുതൽ ജനകീയമാക്കി മാറ്റും. ലഹരി മാഫിയകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനൊപ്പം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ജനപിന്തുണ ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

'തൂഫാൻ സ്ട്രൈക്ക്', 'തൂഫാൻ എഡ്യൂക്കേറ്റ്', 'തൂഫാൻ കെയർ' എന്നിങ്ങനെ മൂന്ന് തലങ്ങളിലാണ് പദ്ധതി പ്രവർത്തിക്കുന്നത്. പദ്ധതിയുടെ ആദ്യ 100 ദിവസത്തെ പ്രവർത്തനങ്ങൾ വിജയകരമായിരുന്നുവെന്നും സ്ത്രീകളിൽ നിന്നും അമ്മമാരിൽ നിന്നും വലിയ പ്രശംസ ലഭിച്ചെന്നും മന്ത്രി പറഞ്ഞു. ലഹരിക്കടത്ത് തടയുന്നതിനായി അയൽ സംസ്ഥാനങ്ങളുമായും കേന്ദ്ര ഏജൻസികളുമായും സഹകരിച്ച് സംയുക്ത പ്രവർത്തനങ്ങൾ ശക്തമാക്കും. അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡി ജി പിമാരുമായും കസ്റ്റംസ് ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികളുമായും ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരുമായി സഹകരിച്ച് രാജ്യത്തെ ലഹരിമുക്തമാക്കാനുള്ള ദീർഘകാല പ്രവർത്തനങ്ങളിൽ കേരള പോലീസ് മുന്നിൽ നിന്ന് പ്രവർത്തിക്കുമെന്നും മന്ത്രി പറഞ്ഞു.



# കുട്ടികളുടെ ഹൃദയചികിത്സയ്ക്ക് സൗജന്യസഹായവുമായി അമൃതയുടെ മെഗാ മെഡിക്കൽ ക്യാമ്പ്

**കൊച്ചി:** ഹൃദയസംബന്ധമായ അസുഖങ്ങളുള്ള കുട്ടികൾക്ക് വിദഗ്ധ പരിശോധനയും തുടർചികിത്സ, ശസ്ത്രക്രിയാ സഹായവും ഉറപ്പാക്കുന്നതിനായി കൊച്ചി അമൃത ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി മെഗാ മെഡിക്കൽ സംഘടിപ്പിച്ചു. മാതാ അമൃതാനന്ദമയി ദേവിയുടെ 73ാം ജന്മദിനത്തോടനുബന്ധിച്ചും അമൃത ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിന്റെ 26ാം വാർഷികാഘോഷങ്ങളുടെ ഭാഗമായുമാണ് ക്യാമ്പ് സംഘടിപ്പിച്ചത്. എഴുന്നൂറിലേറെ കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്.

18 വയസ്സിൽ താഴെയുള്ള ഹൃദയസംബന്ധമായ അസുഖങ്ങളുള്ള കുട്ടികൾക്കായാണ് മെഗാ മെഡിക്കൽ ക്യാമ്പ് നടത്തിയത്. വിദഗ്ധ പീഡിയാട്രിക് കാർഡിയോളജിസ്റ്റുകളുടെയും ഹൃദയ ശസ്ത്രക്രിയാ വിദഗ്ധരുടെയും നേതൃത്വത്തിൽ കുട്ടികളുടെ ആരോഗ്യനില വിലയിരുത്തുകയും ആവശ്യമായ തുടർചികിത്സ സംബന്ധിച്ച് നിർദേശങ്ങൾ നൽകുകയും ചെയ്തു. ക്യാമ്പിൽ ശസ്ത്രക്രിയ ആവശ്യമായി കണ്ടെത്തുന്ന കുട്ടികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയയോ കാത്തറ്റർ അധിഷ്ഠിത ചികിത്സയോ ലഭ്യമാക്കുന്നതാണ് പദ്ധതിയുടെ ഭാഗമായി ലക്ഷ്യമിടുന്നത്.

കുട്ടികളുടെ ഹൃദയചികിത്സാ രംഗത്ത് അമൃത ആശുപത്രി കഴിഞ്ഞ 26 വർഷമായി നടത്തുന്ന സേവനങ്ങളുടെ ഭാഗമായാണ് മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്. ഈ കാലയളവിൽ 31,500ലേറെ കുട്ടികൾക്ക് സൗജന്യമായോ വലിയ തോതിൽ സബ്സിഡി ലഭിച്ചോ ചികിത്സ നൽകാൻ കഴിഞ്ഞതായി ആശുപത്രി അധികൃതർ അറിയിച്ചു. സാമ്പത്തിക പരിമിതികൾ കാരണം വിദഗ്ധ ഹൃദയചികിത്സ ലഭിക്കാതെ പോകുന്ന കുട്ടികൾക്ക് ചികിത്സ ഉറപ്പാക്കുക എന്നതാണ് ഇത്തരം സംരംഭങ്ങളുടെ പ്രധാന ലക്ഷ്യം.

കുട്ടികളുടെ ഹൃദയാരോഗ്യവുമായി ബന്ധപ്പെട്ട പരിശോധനകൾക്കൊപ്പം, ചികിത്സയും ശസ്ത്രക്രിയയും ആവശ്യമായ കുട്ടികളെ കണ്ടെത്തി തുടർചികിത്സയിലേക്ക് എത്തിക്കുന്നതിനും ക്യാമ്പ് സഹായകമായി. കേരളത്തിന് പുറമെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്കും ചികിത്സാ സഹായം ലഭ്യമാക്കുന്ന അമൃതയുടെ പീഡിയാട്രിക് ഹാർട്ട് പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ ക്യാമ്പിൽ അവതരിപ്പിച്ചു.

അമൃത ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗം ക്ലിനിക്കൽ പ്രൊഫസറും മേധാവിയുമായ ഡോ. ആർ. കൃഷ്ണകുമാർ ക്യാമ്പിനു നേതൃത്വം നൽകി. വിഭാഗത്തിന്റെ 26 വർഷത്തെ പ്രവർത്തനങ്ങളും കുട്ടികളുടെ ഹൃദയചികിത്സാ രംഗത്തെ വിവിധ സേവനങ്ങളും അദ്ദേഹം അവതരിപ്പിച്ചു.

മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണ്ണാമൃതാനന്ദപുരി അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ. എസ്. രാധാകൃഷ്ണൻ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അമൃത ആശുപത്രി സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. പി. പ്രതാപൻ നായർ, കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ സോഷ്യൽ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ വിനോദ് എസ്. എം., ജി.ഇ. ഹെൽത്ത്കെയർ ബിസിനസ് ലീഡർ അനൂപ് കുമാർ, അമൃത ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയാക് സർജറി വിഭാഗം മേധാവിയും പ്രൊഫസറുമായ ഡോ. ബ്രിജേഷ്. പി. കെ., ഡോ. ബാലു വൈദ്യനാഥൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.



കൊച്ചി അമൃത ആശുപത്രിയിൽ ഹൃദയസംബന്ധമായ അസുഖങ്ങളുള്ള കുട്ടികൾക്കായി സംഘടിപ്പിച്ച സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ. എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ, ബ്ലൂം ടു ലൈഫ്, ജെനസിസ് ഫൗണ്ടേഷൻ, വിശ്വശാന്തി ഫൗണ്ടേഷൻ എന്നിവയുമായി സഹകരിച്ചുള്ള സാമൂഹിക ഇടപെടലുകളും ചടങ്ങിൽ അവതരിപ്പിച്ചു.

അമൃതയുടെ പീഡിയാട്രിക് ഹാർട്ട് കെയർ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ ഹൃദയചികിത്സയ്ക്ക് കൂടുതൽ പിന്തുണ ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികളും പരിപാടിയിൽ അവതരിപ്പിച്ചു. 'ഹൃദയ ചിറ്റാമൃതം' പദ്ധതിയുടെ അവതരണവും കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായുള്ള സഹകരണവും ചടങ്ങിന്റെ ഭാഗമായി നടന്നു.

കുട്ടികളിലെ ജന്മനാ ഹൃദയവൈകല്യങ്ങൾ ഉൾപ്പെടെയുള്ള ഹൃദയസംബന്ധമായ രോഗങ്ങൾ നേരത്തെ കണ്ടെത്തി ആവശ്യമായ ചികിത്സ ഉറപ്പാക്കുന്നതിലൂടെ നിരവധി കുട്ടികൾക്ക് സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരാൻ അവസരമൊരുക്കുകയാണ് ഇത്തരം സൗജന്യ മെഡിക്കൽ ക്യാമ്പുകളിലൂടെ ലക്ഷ്യമിടുന്നത്.

# സി ബി എൽ ആറാം സീസൺ ആദ്യമത്സരത്തിൽ അരോമ ചുണ്ടന് കന്നിജയം

**ആലപ്പുഴ:** വള്ളംകളി പ്രേമികൾ ആവേശപൂർവ്വം കാത്തിരുന്ന ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ആറാം സീസണിന് കരുവാറ്റയിൽ തുടക്കമായി. ആദ്യ ലീഗ് മത്സരത്തിൽ അരോമ ബോട്ട് ക്ലബ് തുഴഞ്ഞ അരോമ ചുണ്ടൻ മിന്നുന്ന പ്രകടനത്തോടെ ജേതാക്കളായി. ചുണ്ടൻ വള്ളങ്ങളുടെയും വള്ളപ്പുരകളുടെയും സംരക്ഷണത്തിന് ധനസഹായം അനുവദിക്കുന്നത് അടുത്ത ബജറ്റിന്റെ പരിഗണനയിൽ ആണെന്ന് സിബിഎൽ ആറാം സീസൺ ഉദ്ഘാടനം ചെയ്ത ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

കരുവാറ്റ ലീഡിംഗ് ചാനൽ വാട്ടർ സ്റ്റേഡിയത്തിൽ നടന്ന ആദ്യ ലീഗ് മത്സരത്തിൽ വാശിയേറിയ പോരാട്ടം ആണ് നടന്നത്. സിബിഎൽ ഇതു വരെയുള്ള ആറു സീസണിൽ ഹാട്രിക് ചാമ്പ്യൻമാരായിരുന്ന പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബ് തുഴഞ്ഞ മേൽപ്പാടം ചുണ്ടനെ അവസാന ലാപ്പിൽ തറപറ്റിച്ചാണ് അരോമ ഒന്നാമതെത്തിയത്. നിരണം ബോട്ട് ക്ലബ്ബ്, നിരണം തുഴഞ്ഞ നിരണം ചുണ്ടൻ മൂന്നാമതെത്തി.

അരോമ ചുണ്ടൻ (3.26.15 മിനിറ്റ്), മേൽപ്പാടം (3.26.83 മിനിറ്റ്), നിരണം ചുണ്ടൻ( 3.27.06 മിനിറ്റ്) എന്നിങ്ങനെയാണ് ഫൈനലിലെ ഫിനിഷ് സമയം. രണ്ടാം സ്ഥാനത്ത് എത്തിയ മേൽപ്പാടം ചുണ്ടൻ ട്രാക്ക് മാറിയെന്ന പരാതി സിബിഎൽ ഭരണ സമിതിക്ക് ലഭിച്ചിട്ടുണ്ട്. ഹീറ്റ്സിലെ മികച്ച സമയത്തിന്റെ അടിസ്ഥാനത്തിലാണ് ഫൈനൽ ലൈനപ്പായത്. ആദ്യ മൂന്ന് പാദത്തിലും അരോമയും മേൽപ്പാടവും ഒപ്പത്തിനൊപ്പമായിരുന്നു. നെട്ടായത്തിന്റെ പകുതിയിൽ മേൽപാടം അൽപം മുമ്പിലെത്തിയതുമാണ്. എന്നാൽ ചുണ്ടൻ വള്ളങ്ങളുടെ കുതിപ്പ് അവസാന ലാപ്പിലായിരുന്നു. അരോമയുടെ തുഴച്ചിൽ വേഗത്തിനൊപ്പമെത്താൻ മേൽപ്പാടത്തിനോ നിരണത്തിനോ ആയില്ല. നെഹ്റുട്രോഫിയിൽ പുറത്തെടുത്ത മേധാവിത്തം അരോമ നിലനിറുത്തിയെന്നു തന്നെ പറയാം.

കേരളത്തിന്റെ പൈതൃകങ്ങളായ ചുണ്ടൻ വള്ളങ്ങളുടെയും വള്ളപ്പുരകളുടെയും സംരക്ഷണത്തിന് മുൻ ഉമ്മൻചാണ്ടി സർക്കാർ രണ്ടരക്കോടി രൂപ വകയിരുത്തിയിരുന്നു. സമാനമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് സമയമായതിനാൽ അടുത്ത ബജറ്റിൽ തുക വകയിരുത്തുന്ന കാര്യം ടൂറിസം മന്ത്രിയുമായി ആലോചിച്ച് വരികയാണെന്നും അദ്ദേഹം പറഞ്ഞു. കരുവാറ്റയെ ടൂറിസം ഗ്രാമമായി പ്രഖ്യാപിച്ചതിന് ശേഷമുള്ള വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ ടൂറിസം മന്ത്രി യോഗം വിളിച്ചു ചേർക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ലീഡിങ് ചാനലിന്റെ ആഴം വർദ്ധിപ്പിച്ച് കൂടുതൽ ജലം സംഭരിക്കാനുള്ള നടപടികൾ നടന്നുവരികയാണ്. ചാനലിന്റെ ഇരുവശത്തും സംരക്ഷണഭിത്തികൾ കിട്ടുന്ന പ്രവൃത്തി പൂർത്തിയായി കൊണ്ടിരിക്കുന്നു. വരുംനാളുകളിലും ടൂറിസം കേന്ദ്രീകരിച്ചുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾ ഇവിടെ നടപ്പാക്കുമെന്നും രമേശ് ചെന്നിത്തല അറിയിച്ചു.



വരുംവർഷങ്ങളിൽ ഐ.പി.എൽ ക്രിക്കറ്റ് മാതൃകയിലേക്ക് പൂർണ്ണമായി ഉയർത്തിക്കൊണ്ട് ചാമ്പ്യൻസ് ബോട്ട് ലീഗിനെ കൂടുതൽ ആകർഷകമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും വിഷ്ണുനാഥ് പറഞ്ഞു.

എക്സൈസ്സഹകരണ വകുപ്പ് മന്ത്രി അഡ്വ. എം. ലിജു മുഖ്യപ്രഭാഷണം നടത്തി. ടൂറിസം വകുപ്പ് ജോയിന്റ് ഡയറക്ടർ സുബൈർകുട്ടി പിഐ റിപ്പോർട്ട് അവതരിപ്പിച്ചു.

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.കെ. നാഥൻ, കരുവാറ്റ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീലേഖ മനു, ജില്ലാ പഞ്ചായത്തംഗം അനില രാജു തുടങ്ങി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന അംഗങ്ങൾ ചടങ്ങിൽ പങ്കെടുത്തു.

കരുവാറ്റയിലെ ഫിനിഷിംഗ് സ്ഥാനങ്ങൾ ഇവയാണ്. അരോമ ചുണ്ടൻഒന്ന് (അരോമ ബോട്ട് ക്ലബ്ബ്, പറവൂർ, കൊല്ലം), മേൽപ്പാടം ചുണ്ടൻ രണ്ട് (പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബ്), നിരണം ചുണ്ടൻ മൂന്ന് (നിരണം ബോട്ട് ക്ലബ്ബ്, നിരണം), വീയപുരം ചുണ്ടൻ നാല് (യുബിസി കൈനകരി എഫ് സി), ആർപ്പൂക്കര ചുണ്ടൻ അഞ്ച് (ഇമ്മാനുവൽ ബോട്ട് ക്ലബ്ബ്, കുമരകം), ചെറുതന ചുണ്ടൻ ആറ് (എൻബിസി നാട്ടകം ബോട്ട് ക്ലബ്ബ്) പുണ്യാളൻ നിരണം ഏഴ് (കുമരകം ടൗൺ ബോട്ട് ക്ലബ്ബ്,കുമരകം), നടുഭാഗം ചുണ്ടൻ എട്ട് (പി.ബി.സി. പുന്നമട, എൻസിഎഫ് സി ബോട്ട് ക്ലബ്ബ്), തലവടി ചുണ്ടൻ ഒമ്പത് (വില്ലേജ് ബോട്ട് ക്ലബ്ബ്) എന്നീ ഒൻപത് വള്ളങ്ങളാണ് അണിനിരക്കുന്നത്.

ഫൈനലടക്കം ആകെ 11 മത്സരങ്ങളുള്ള ഈ സീസണിലെ മറ്റ് ലീഗ് പോരാട്ടങ്ങൾ കൊല്ലം കല്ലട (സെപ്റ്റംബർ 23), ആലപ്പുഴ പാണ്ടനാട് (സെപ്റ്റംബർ 26), തൃശ്ശൂർ കോട്ടപ്പുറം (ഒക്ടോബർ 4), എറണാകുളം മറൈൻ ഡ്രൈവ് (ഒക്ടോബർ 10), പിറവം (ഒക്ടോബർ 17), കോട്ടയം താഴത്തങ്ങാടി (ഒക്ടോബർ 24), ആലപ്പുഴ പുളിങ്കുന്ന് (ഒക്ടോബർ 31), കൈനകരി (നവംബർ 7), കായംകുളം (നവംബർ 14) എന്നിവിടങ്ങളിലായി നടക്കും. നവംബർ 21ന് കൊല്ലത്ത് നടക്കുന്ന പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയോടെയാണ് സിബിഎൽ ആറാം സീസണിന് സമാപനമാവുന്നത്. ഓരോ മത്സരവേദികളിലും വിജയികളാകുന്നവരിൽ ഒന്നാം സ്ഥാനക്കാർക്ക് അഞ്ച് ലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് മൂന്ന് ലക്ഷവും മൂന്നാം സ്ഥാനക്കാർക്ക് ഒരു ലക്ഷം രൂപയും ലഭിക്കും. ബോണസായി ഓരോ ടീമിനും നാല് ലക്ഷം രൂപ വീതവും നീക്കിവച്ചിട്ടുണ്ട്. ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ക്ലബിന് 25 ലക്ഷവും രണ്ടാം സ്ഥാനം നേടുന്നവർക്ക് 15 ലക്ഷവും മൂന്നാം സ്ഥാനത്തെത്തുന്ന ക്ലബിന് 10 ലക്ഷം രൂപയും സമ്മാനമായി ലഭിക്കും.

# അൽഷിമേഴ്സ് നിയന്ത്രണത്തിൽ ഒക്യുപേഷണൽ തെറാപ്പിയുടെ പങ്ക്



**ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി**
കൊച്ചി പ്രയത്ന ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ സ്ഥാപകൻ.




ഓരോ വർഷവും സെപ്റ്റംബർ 21 ലോക അൽഷിമേഴ്സ് ദിനമായി ആചരിക്കുന്നു. മസ്തിഷ്ക കോശങ്ങളുടെ നാശം മൂലം ഓർമ്മശക്തി, ചിന്താശേഷി, ദൈനംദിന കാര്യങ്ങൾ ചെയ്യാനുള്ള കഴിവ് എന്നിവ ക്രമേണ നഷ്ടപ്പെടുന്ന ഒരു അവസ്ഥയാണ് അൽഷിമേഴ്സ്. രോഗാവസ്ഥ പുരോഗമിക്കുമ്പോൾ രോഗിക്ക് സ്വന്തം കാര്യങ്ങൾ പോലും സ്വതന്ത്രമായി ചെയ്യാൻ സാധിക്കാതെ വരുന്നു. പൂർണ്ണമായി സുഖപ്പെടുത്താൻ സാധിക്കാത്ത ഈ രോഗത്തിൽ, മരുന്നുകൾക്കൊപ്പം തന്നെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പുനരധിവാസ ചികിത്സകൾ. ഇതിൽ 'ഒക്യുപേഷണൽ തെറാപ്പി' അൽഷിമേഴ്സ് ബാധിതരുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്.

## ദൈനംദിന ജീവിതരീതികളിലെ സഹായം

അൽഷിമേഴ്സ് ബാധിച്ച വ്യക്തികൾക്ക് ഭക്ഷണം കഴിക്കുക, വസ്ത്രം ധരിക്കുക, കുളിക്കുക, പല്ല് തേക്കുക തുടങ്ങിയ ലളിതമായ ദൈനംദിന കാര്യങ്ങൾ പോലും മറന്നുപോവുകയോ പ്രയാസകരമായി തോന്നുകയോ ചെയ്യാം. പാചകം ചെയ്യുമ്പോൾ എണ്ണയോ കടുകോ ഏതാണ് ആദ്യം ചേർക്കേണ്ടത് അല്ലെങ്കിൽ ബാത്ത്റൂമിൽ പോയാൽ പല്ല് തേക്കണം തുടങ്ങിയ അടുത്തടുത്ത സ്റ്റെപ്പുകൾ (ഘട്ടങ്ങൾ) പെട്ടെന്ന് ഓർമ്മയിൽ വരില്ല.

ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ ഓരോ രോഗിയുടെയും ശേഷി പരിശോധിച്ച് ഈ പ്രവർത്തനങ്ങളെ ലളിതമായ ഘട്ടങ്ങളാക്കി മാറ്റുന്നു. രാവിലെ എഴുന്നേൽക്കുന്നത് മുതൽ രാത്രി ഉറങ്ങുന്നത് വരെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി ചിത്രങ്ങളോട് കൂടിയ 'വിഷ്വൽ ഷെഡ്യൂളുകൾ', റുട്ടീൻ പ്ലാനറുകൾ, ചെക്ക്‌ലിസ്റ്റുകൾ എന്നിവ തയ്യാറാക്കി നൽകുന്നു. ഈ ചെക്ക്‌ലിസ്റ്റ് നോക്കി കാര്യങ്ങൾ ഒന്നൊന്നായി ചെയ്തുതീർക്കാൻ അവർക്ക് സാധിക്കുന്നു. ഇത് രോഗിക്ക് കഴിയുന്നത്ര കാലം മറ്റുള്ളവരുടെ സഹായമില്ലാതെ സ്വന്തം കാര്യങ്ങൾ സ്വയം പര്യാപ്തതയോടെ ചെയ്യാൻ സഹായകമാകുന്നു.



## സുരക്ഷിതമായ അന്തരീക്ഷം ഒരുക്കൽ

ഓർമ്മക്കുറവും ദിശാബോധമില്ലായ്മയും കാരണം രോഗികൾ വീഴാനോ അപകടങ്ങളിൽപ്പെടാനോ ഉള്ള സാധ്യത കൂടുതലാണ്. വീട്ടിലെ അപകടസാധ്യതകൾ കുറയ്ക്കുന്നതിനായി ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ മാറ്റങ്ങൾ നിർദ്ദേശിക്കുന്നു.

കുളിമുറിയിൽ പിടിവള്ളികൾ സ്ഥാപിക്കുക, വഴുക്കലുള്ള നിലങ്ങൾ ഒഴിവാക്കുക എന്നിവ വഴി അപകടങ്ങൾ തടയാം. പ്രായമായ രോഗികൾക്ക് ദിവസവും ഒന്നിലധികം മരുന്നുകൾ കഴിക്കേണ്ടി വരാറുണ്ട്. എന്നാൽ ഏതു സമയത്ത് ഏത് മരുന്നാണ് കഴിക്കേണ്ടതെന്ന് തിരിച്ചറിയാൻ അവർക്ക് ബുദ്ധിമുട്ടായിരിക്കും. ഇതിനായി മരുന്നുകുപ്പികൾക്ക് മുകളിൽ കൃത്യമായ കളർ കോഡുകളോ, ഏത് സമയത്ത് കഴിക്കണം എന്ന് വ്യക്തമാക്കുന്ന ലളിതമായ ലേബലുകളോ നൽകുന്നു. മൂർച്ചയുള്ള വസ്തുക്കൾ സുരക്ഷിതമായി മാറ്റി സൂക്ഷിക്കാം. അനുയോജ്യമായ രീതിയിൽ ഇത്തരം മാറ്റങ്ങൾ എന്തെല്ലാമാണ് വേണ്ടത് എന്ന് കൃത്യമായി തിരിച്ചറിയാൻ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ സഹായിക്കുന്നു.

## മാനസികവും ചിന്താപരവുമായ ശേഷി നിലനിർത്തൽ

തലച്ചോറിന്റെ പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്ന ലളിതമായ പസിലുകൾ, മ്യൂസിക് തെറാപ്പി, പഴയ ഓർമ്മകൾ പങ്കുവെക്കൽ, പൂന്തോട്ടമൊരുക്കൾ, ലളിതമായ കരകൗശല ജോലികൾ എന്നിവയിലൂടെ രോഗിയുടെ ചിന്താശേഷിയെയും ഓർമ്മശക്തിയെയും പരമാവധി സജീവമാക്കി നിർത്താൻ തെറാപ്പി സഹായിക്കുന്നു.

## ഒക്യുപേഷണൽ തെറാപ്പിയുടെ പ്രധാന സമീപനങ്ങൾ

അൽഷിമേഴ്സ് ബാധിച്ച വ്യക്തികളിൽ തെറാപ്പിസ്റ്റുകൾ പ്രധാനമായും ഇടപെടലുകൾ നടത്തുന്ന രീതികൾ നോക്കാം:

1. ശേഷികളെ ഉത്തേജിപ്പിക്കൽ: രോഗിയുടെ നഷ്ടപ്പെട്ടുപോയ കഴിവുകളെക്കുറിച്ച് ചിന്തിക്കുന്നതിന് പകരം, നിലവിൽ അവർക്ക് സാധ്യമാകുന്ന കഴിവുകളെയും താൽപ്പര്യങ്ങളെയും കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു.

2. ശാരീരിക പുനരധിവാസം: ഓർമ്മശക്തി പൂർണ്ണമായി വീണ്ടെടുക്കുക അസാധ്യമാണെങ്കിലും, രോഗിയുടെ ശാരീരിക ചലനശേഷി, പേശികളുടെ ബലം, സഹിഷ്ണുത എന്നിവ മെച്ചപ്പെടുത്തി അവരെ വീണ്ടും സജീവമാക്കാൻ സഹായിക്കുന്നു.

3. നല്ല ശീലങ്ങൾ നിലനിർത്തൽ: രോഗി നിലവിൽ വിജയകരമായി ചെയ്യുന്ന ശീലങ്ങളും ദിനചര്യകളും തുടരാൻ ആവശ്യമായ അന്തരീക്ഷവും പിന്തുണയും ഒരുക്കുന്നു.

4. ചുറ്റുപാടും വരുത്തുന്ന മാറ്റങ്ങൾ: രോഗിയുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വീടിന്റെ ഘടനയിലും ദിനചര്യകളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു.

## പരിചരിക്കുന്നവർക്കുള്ള പിന്തുണ

അൽഷിമേഴ്സ് രോഗിയെ പരിചരിക്കുന്നത് മാനസികമായും ശാരീരികമായും ഏറെ ബുദ്ധിമുട്ടുള്ള കാര്യമാണ്. രോഗിയോട് എങ്ങനെ ആശയവിനിമയം നടത്തണം, അവരുടെ ദേഷ്യവും പെരുമാറ്റമാറ്റങ്ങളും എങ്ങനെ കൈകാര്യം ചെയ്യണം, രോഗിയെ സുരക്ഷിതമായി എങ്ങനെ കൈകാര്യം ചെയ്യണം എന്നിവയിൽ പരിചരിക്കുന്നവർക്ക് ആവശ്യമായ പരിശീലനം നൽകാൻ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾക്ക് സാധിക്കുന്നു. കൃത്യമായ ഒക്യുപേഷണൽ തെറാപ്പിയിലൂടെ രോഗിയുടെ സ്വയംപര്യാപ്തത വർദ്ധിക്കുമ്പോൾ, പരിചരിക്കുന്നവരുടെ ഭാരം ഗണ്യമായി കുറയുന്നതിനും സഹായകരമാകും.

അൽഷിമേഴ്സ് രോഗബാധിതരായ വ്യക്തികൾക്ക് അവരുടെ നഷ്ടപ്പെട്ടുപോകുന്ന കഴിവുകൾക്ക് പകരം, അവശേഷിക്കുന്ന കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്തി അന്തസ്സോടെ ജീവിക്കാൻ ഒക്യുപേഷണൽ തെറാപ്പി വഴിയൊരുക്കുന്നു. രോഗാവസ്ഥയുടെ ഏത് ഘട്ടത്തിലും വ്യക്തിഗത പരിചരണത്തിലൂടെ രോഗിയുടെയും അവരെ പരിചരിക്കുന്നവരുടെയും ജീവിതത്തിൽ വലിയൊരു പ്രകാശം പരത്താൻ ഈ തെറാപ്പിക്ക് സാധിക്കും. അൽഷിമേഴ്സ് ദിനത്തിൽ, കേവലം ചികിത്സയ്ക്കപ്പുറം ഇത്തരം സമഗ്രമായ പരിചരണരീതികളെക്കുറിച്ച് സമൂഹത്തിൽ അവബോധം വളർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

# ഡോളർ ബിഗ്ബോസ് ബ്രാൻഡ് അംബാസഡറായി മഹേഷ് ബാബു തുടരും

**കൊച്ചി:** പ്രമുഖ ഹോസിയറി ബ്രാൻഡായ ഡോളർ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ദക്ഷിണേന്ത്യൻ വിപണിയിലെ തങ്ങളുടെ 'ഡോളർ ബിഗ്ബോസ്' ബ്രാൻഡ് അംബാസഡറായി തെലുങ്ക് സൂപ്പർസ്റ്റാർ മഹേഷ് ബാബുവുമായുള്ള കരാർ ദീർഘിപ്പിച്ചു. 2024 മുതൽ ബ്രാൻഡിന്റെ മുഖമായ മഹേഷ് ബാബുവുമായുള്ള കൂട്ടുകെട്ട് ദക്ഷിണേന്ത്യയിൽ ഉൽപ്പന്നങ്ങളുടെ വിപണി വളർച്ചയ്ക്ക് വലിയ കരുത്തുപകർന്നതായി കമ്പനി മാനേജിംഗ് ഡയറക്ടർ വിനോദ് കുമാർ ഗുപ്ത വ്യക്തമാക്കി. ഇതിന്റെ ഭാഗമായി മഹേഷ് ബാബുവിനെ അണിനിരത്തിക്കൊണ്ടുള്ള പുതിയ ടെലിവിഷൻ പരസ്യത്തിന്റെ ചിത്രീകരണം ഉടൻ ആരംഭിക്കും. ഏത് കാലാവസ്ഥയിലും അനുയോജ്യമായ സ്റ്റൈലിഷ് വസ്ത്രശേഖരമെന്ന ഡോളർ ബിഗ്ബോസിന്റെ സവിശേഷതകൾ പ്രതിഫലിപ്പിക്കുന്ന, ഊർജ്ജസ്വലമായ രൂപത്തിലാകും താരം പുതിയ പരസ്യത്തിൽ എത്തുക.




# യുപിഐ എംഡിആറിനെക്കുറിച്ച് ഒക്ടോബർ 15ന് മുമ്പ് അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങൾ

**കൊച്ചി:** ഉപഭോക്താക്കൾക്ക് യുപിഐ ഇടപാടുകൾ തുടർന്നും പൂർണ്ണമായും സൗജന്യമായിരിക്കും. എന്നാൽ കാർഡ് വഴിയോ ഡിജിറ്റലായോ ഉപഭോക്താക്കളിൽ നിന്ന് പണം സ്വീകരിക്കുമ്പോൾ വ്യാപാരികൾ നൽകേണ്ട ഫീസായ എംഡിആർ നിശ്ചിത യുപിഐ വ്യാപാരി ഇടപാടുകൾക്കും ഏർപ്പെടുത്തിയിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് യുപിഐ സേവനങ്ങൾ പൂർണ്ണമായും സൗജന്യമായി തുടരും. സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും യുപിഐ വഴി പണം അയക്കുന്നത് തികച്ചും സൗജന്യമാണ്. യുപിഐ വഴി ഏത് വ്യാപാരിക്കും എത്ര തുക കൈമാറുന്നതും സൗജന്യമായി തുടരും. കടകളിൽ ഷോപ്പിംഗ് നടത്തുമ്പോഴും പ്രാദേശിക മാർക്കറ്റുകളിലും തെരുവ് കച്ചവടക്കാരുടെ ക്യൂആർ കോഡ് സ്കാൻ ചെയ്ത് പണം നൽകുമ്പോഴും ഫീസ് ഈടാക്കില്ല. വ്യാപാരികൾക്ക് ബാധകമാകുന്ന എംഡിആർ തുക ഒരിക്കലും ഉപഭോക്താക്കളുടെ മേൽ അടിച്ചേൽപ്പിക്കാൻ പാടില്ല എന്നിവയാണ് ഉപഭോക്താക്കൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ.

വ്യാപാരികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് 2,000 രൂപ വരെയുള്ള എല്ലാ യുപിഐ വ്യാപാരി ഇടപാടുകൾക്കും ഫീസ് ഈടാക്കില്ല അതായത് സീറോ എംഡിആർ; ഇതോടെ 96 ശതമാനം വ്യാപാരി ഇടപാടുകളും പൂർണ്ണമായും സൗജന്യമാകും. തെരുവ് കച്ചവടക്കാർ, അടുത്തുള്ള ചെറിയ കടകൾ, പ്രതിമാസം യുപിഐ ക്യൂആർ കോഡ് വഴി ബാങ്ക് അക്കൗണ്ടിലേക്ക് 1 ലക്ഷം രൂപ വരെ ലഭിക്കുന്ന ചെറുകിട വ്യാപാരികൾ എന്നിവർക്ക് തുടർന്നും സീറോ എംഡിആർ ആനുകൂല്യം ലഭിക്കും. 2,000 രൂപയ്ക്ക് മുകളിലുള്ള നിശ്ചിത വ്യാപാരി ഇടപാടുകൾക്ക് 0.4 ശതമാനം എംഡിആർ ബാധകമായിരിക്കും. 75,000 രൂപയും അതിൽ കൂടുതലുമുള്ള ഇടപാടുകൾക്ക് എംഡിആർ തുക ഒരു ഇടപാടിന് പരമാവധി 300 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

2,000 രൂപയിൽ താഴെയുള്ള പണമിടപാടുകൾക്ക് തുടർന്നും സീറോ എംഡിആർ ആയിരിക്കും. ഇന്ധനം, വിദ്യാഭ്യാസം, ഇൻഷുറൻസ്, റെയിൽവേ, ടെലികോം, യൂട്ടിലിറ്റി സേവനങ്ങൾ (വൈദ്യുതി, വെള്ളം, പൈപ്പ് വഴിയുള്ള പ്രകൃതിവാതകം) എന്നിവയ്ക്കായി 2,000 രൂപയ്ക്ക് മുകളിൽ നടത്തുന്ന പണഇടപാടുകൾക്ക് ഇടപാടൊന്നിന് 5 രൂപ നിരക്കിൽ ഫ്ളാറ്റ് എംഡിആർ ബാധകമായിരിക്കും.

# ഫാഷൻ രംഗത്ത് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടണം: മന്ത്രി റോജി എം.ജോൺ

**കൊച്ചി:** ഫാഷൻ രംഗത്തെ പുത്തൻ സാധ്യതകൾ പരിചയപ്പെടാനും പരമാവധി പ്രയോജനപ്പെടുത്താനും ഈ മേഖലയിൽ സംസ്ഥാനത്ത് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ടെന്ന് ഉന്നത വിദ്യാഭ്യാസമന്ത്രി റോജി എം.ജോൺ. അതിനായി ലോകോത്തര ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടുകൾ സംസ്ഥാനത്തേക്ക് കടന്നുവരുന്നതിനെ സ്വാഗതം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

ഹെയ്ന്റിച്ചിന്റെ സഹകരണത്തോടെ കൊച്ചി സ്മാർട്ട്സിറ്റിയിലെ ലുലു ഐടി ടിൻ ടവറിൽ ആരംഭിക്കുന്ന ഫെരാരി ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് ലോഞ്ച് നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. കൊച്ചി ഗ്രാൻഡ് ഹയാത്ത് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ ഹെയ്ന്റിച്ച് ഫൗണ്ടർ ആൻഡ് മാനേജിംഗ് ഡയറക്ടർ മനോജ് തോമസ്, തോമസ് ജേക്കബ് എന്നിവർ പങ്കെടുത്തു.

മിലാനിലെ അന്താരാഷ്ട്ര ഫാഷൻ ഡിസൈൻ സ്ഥാപനമായ ഫെരാരി ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇന്ത്യയിലെ ആദ്യ പഠനകേന്ദ്രമാണ് കൊച്ചിയിൽ ആരംഭിക്കുന്നത്. ഫാഷൻ മേഖലയിൽ കരിയൽ ആഗ്രഹിക്കുന്നവർക്കായി ഡിപ്ലോമ, യുജി, പിജി പ്രോഗ്രാമുകൾ ഇവിടെയുണ്ട്. വിദഗ്ധരുടെ ഓൺലൈൻ ക്ലാസുകൾക്ക് പുറമേ പ്രമുഖ അന്താരാഷ്ട്ര ബ്രാൻഡുകളുടെ ഫാഷൻ സ്റ്റോറുകൾ സന്ദർശിക്കാനുള്ള അവസരവും കരിയർ ഗൈഡൻസും ഇന്റേൺഷിപ്പ് സപ്പോർട്ടും ഇൻസ്റ്റിറ്റ്യൂട്ട് നൽകുമെന്ന് ഹെയ്ന്റിച്ച് ഫൗണ്ടർ ഡയറക്ടർ മനോജ് തോമസ് പറഞ്ഞു. ജനുവരി മുതൽ ക്ലാസുകൾ ആരംഭിക്കും. ഫോൺ: 98958 00799.



**ഹെയ്ന്റിച്ച് ഫെരാരി ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് ലോഞ്ച് ഉന്നത വിദ്യാഭ്യാസമന്ത്രി റോജി എം.ജോൺ നിർവഹിക്കുന്നു. ഹെയ്ന്റിച്ച് ഫൗണ്ടർ ആൻഡ് മാനേജിംഗ് ഡയറക്ടർ മനോജ് തോമസ് സമീപം.**




**ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ആൻഡ് ഇമ്മ്യൂണോഹീമറ്റോളജി (ഐഎസ്ബിടിഐ) യുടെ 51ാം ദേശീയ സമ്മേളനത്തിന്റെ സമാപന പൊതുസമ്മേളനം ഐഎസ്ബിടിഐ ദേശീയ പ്രസിഡന്റ് ഡോ. യുധ്ബീർ സിങ് ഉദ്ഘാടനം ചെയ്യുന്നു.**

# ട്രാൻസ്കോൺ 26 സമാപിച്ചു

**കൊച്ചി:** രാജ്യത്തെ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിദഗ്ധരുടെ സംഘടനയായ ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ആൻഡ് ഇമ്മ്യൂണോഹീമറ്റോളജി (ഐഎസ്ബിടിഐ) യുടെ 51ാം ദേശീയ സമ്മേളനം 'ട്രാൻസ്കോൺ 26' ചാക്കോളാസ് പവിലിയൻ കൺവൻഷൻ സെന്ററിൽ സമാപിച്ചു. സമാപന പൊതുസമ്മേളനം ഐഎസ്ബിടിഐ ദേശീയ പ്രസിഡന്റ് ഡോ. യുധ്ബീർ സിങ് ഉദ്ഘാടനം ചെയ്തു. ദേശീയ സെക്രട്ടറി ഡോ. സംഗീത പതക് അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ. സജിത് വിളമ്പിൽ, സംസ്ഥാന സെക്രട്ടറി ഡോ. ഷൈജി പിഎസ്, സംസ്ഥാന ട്രഷറർ ഡോ. അമിത് ആർ നായർ എന്നിവർ പ്രസംഗിച്ചു.

ഐഎസ്ബിടിഐ കേരള ചാപ്റ്ററും തൃശൂർ ഗവ. മെഡിക്കൽ കോളജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗവും ചേർന്നാണ് സമ്മേളനം നടത്തിയത്. വിദേശത്തു നിന്നടക്കമുള്ള 1000 ഡോക്ടർമാരും രാജ്യത്തെ വിവിധ മെഡിക്കൽ കോളജുകളിൽ നിന്നുമായി മുന്നോറോളം പിജി വിദ്യാർഥികളും 200 ബ്ലഡ്ബാങ്ക് ടെക്നീഷ്യൻമാരും സമ്മേളനത്തിൽ പങ്കെടുത്തു. നാല് ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ വിദഗ്ധർ 20 പ്രബന്ധങ്ങളും 70 പോസ്റ്ററുകളും അവതരിപ്പിച്ചു. പിജി വിദ്യാർഥികൾ 30 പ്രബന്ധങ്ങളും 130 പോസ്റ്ററുകളും അവതരിപ്പിച്ചു. വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചകളും നടന്നു. പിജി വിദ്യാർഥികൾക്കായി ക്വിസ് മത്സരവും സംഘടിപ്പിച്ചു. മികച്ച പോസ്റ്ററിനും പ്രബന്ധത്തിനും അവാർഡുകൾ നൽകി. ആരോഗ്യരംഗത്തെ വിവിധ മേഖലകളെ സമന്വയിപ്പിച്ച് 50 സ്റ്റാളുകളും ഒരുക്കിയിരുന്നു. വിവിധ കലാപരിപാടികളും നടന്നു.




# മഹിന്ദ്ര റേവ്എക്സ് എഡ്ജ് വിപണിയിൽ

**കൊച്ചി:** പ്രീമിയം ഫീച്ചറുകൾ സാധാരണക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മഹിന്ദ്ര ആൻഡ് മഹിന്ദ്രയുടെ ജനപ്രിയ എസ്‌യുവിയായ എക്സ്‌യുവി 3എക്സ്ഒയുടെ പുതിയ റേവ് എക്സ് എഡ്ജ് മോഡലുകൾ വിപണിയിലിറക്കി. 9.39 ലക്ഷം രൂപ മുതലാണ് പുതിയ മോഡലിന്റെ എക്സ്ഷോറൂം വില. ഇതിനു പുറമെ 10 ലക്ഷം രൂപയിൽ താഴെ വിലയിൽ പെട്രോൾ ഓട്ടോമാറ്റിക് ട്രാൻസ്മിഷനോട് കൂടിയ എക്സ്‌യുവി 3എക്സ്ഒ റേവ്എക്സ് എം(ഒ) വകഭേദവും കമ്പനി അവതരിപ്പിച്ചു.

10 ലക്ഷം രൂപയ്ക്ക് താഴെയുള്ള മോഡലുകളിൽ പനോരമിക് സൺറൂഫ്, ആൻഡ്രോയിഡ് ഓട്ടോ, ആപ്പിൾ കാർപ്ലേ എന്നിവ ഉൾക്കൊള്ളുന്ന 26.03 സെ.മീ എച്ച്ഡി ഇൻഫോടെയ്ൻമെന്റ് സിസ്റ്റം, ക്രൂയിസ് കൺട്രോൾ, ലെതറെറ്റ് സീറ്റുകൾ, റിയർ വ്യൂ ക്യാമറ തുടങ്ങിയ പ്രീമിയം ഫീച്ചറുകളുണ്ട്. പെട്രോൾ മാനുവൽ & ഓട്ടോമാറ്റിക്, ഡീസൽ മാനുവൽ & എഎംടി എന്നിങ്ങനെ വിശാലമായ പവർട്രെയിൻ ഓപ്ഷനുകളും പ്രധാന സവിശേഷതകളാണ്.

2024ൽ പുറത്തിറങ്ങിയതുമുതൽ എസ്‌യുവി വിപണിയിൽ വൻ മുന്നേറ്റമാണ് എക്സ്‌യുവി 3എക്സ്ഒ കാഴ്ചവെക്കുന്നത്. വെറും 2.5 വർഷത്തിൽ താഴെ സമയത്തിനുള്ളിൽ 2.5 ലക്ഷത്തിലധികം യൂണിറ്റുകൾ വിറ്റഴിച്ച് മഹിന്ദ്രയുടെ ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ ഈ നേട്ടം കൈവരിക്കുന്ന എസ്‌യുവി എന്ന നേട്ടവും എക്സ്‌യുവി 2എക്സ്ഒ സ്വന്തമാക്കി. പെട്രോൾ മാനുവലിന് 9.39 ലക്ഷം രൂപയും പെട്രോൾ ഓട്ടോമാറ്റിക്കിന് 10.59 ലക്ഷം രൂപയും ഡീസൽ മാനുവലിന് 10.59 ലക്ഷം രൂപയുമാണ് വില. എഡ്ജ് മോഡലിലെ എല്ലാ ഫീച്ചറുകൾക്കും പുറമെ, പനോരമിക് സൺറൂഫ്, റൂഫ് റെയിലുകൾ, ഇലക്ട്രിക്കലി മടക്കാവുന്ന ഔട്ട്സൈഡ് റിയർ വ്യൂ മിററുകൾ, പാസ്സീവ് കീലെസ് എൻട്രി, പുഷ്ബട്ടൺ സ്റ്റാർട്ട്, ഓട്ടോമാറ്റിക് ഹെഡ്‌ലാമ്പുകൾ, ഓട്ടോമാറ്റിക് വൈപ്പറുകൾ എന്നിവ എക്സ്‌യുവി 3എക്സ്ഒ റേവ്എക്സ് എഡ്ജ് ലുണ്ട്. പെട്രോൾ മാനുവലിന് 9.89 ലക്ഷം രൂപയും പെട്രോൾ ഓട്ടോമാറ്റിക്കിന് 11.09 ലക്ഷം രൂപയും ഡീസൽ മാനുവലിന് 11.09 ലക്ഷം രൂപയും ഡീസൽ എഎംടിയ്ക്ക് 11.91 ലക്ഷം രൂപയുമാണ് വില. 10 ലക്ഷം രൂപയിൽ താഴെ വില വരുന്ന റേവ് എക്സ് സീരീസിൽ പെട്രോൾ റേവ് എക്സ് മോഡലിൽ പുതിയ ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ മോഡലും മഹിന്ദ്ര അവതരിപ്പിച്ചിട്ടുണ്ട്.

എവറസ്റ്റ് വൈറ്റ്, സ്റ്റെൽത്ത് ബ്ലാക്ക്, ടാംഗോ റെഡ്, നെബുല ബ്ലൂ, ഗാലക്സി ഗ്രേ എന്നീ അഞ്ച് ആകർഷകമായ നിറങ്ങളിൽ മൂന്ന് വകഭേദങ്ങളും ലഭ്യമാണ്.



# ജൂബിലിയിൽ ശിശുസൗഹൃദ വാർഡുമായി സ്മൈൽ ട്രെയിൻ

**തൃശൂർ:** മുറിച്ചുണ്ടും മറ്റുമായി ദുരിതം നേരിടുന്ന കുരുന്നുകളെ പരിചരിക്കാൻ ജൂബിലി മിഷൻ മെഡിക്കൽ കോളജ് ആശുപ്രതിയിൽ പ്രത്യേക വാർഡ് തുറന്നു. മുറിച്ചുണ്ടുള്ള കുഞ്ഞുങ്ങളെ ശസ്ത്രക്രിയയിലൂടെ സാധാരണ നിലയിലാക്കാൻ സജ്ജമാക്കിയ വാർഡിന് 'ജൂബിലി പുഞ്ചിരി പാത' എന്നാണ് പേര്.

ആശുപ്രതിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെയും മുറിച്ചുണ്ട് ശസ്ത്രക്രിയാ ചെലവുകൾ സ്പോൺസർ ചെയ്യുന്ന ആഗോള ജീവകാരുണ്യ പ്രസ്ഥാനമായ സ്മൈൽ ട്രെയിനിന്റെ സേവനങ്ങളുടെ രജത ജൂബിലി ആഘോഷത്തിന്റെയും ഭാഗമായാണ് ആധുനിക സംവിധാനങ്ങളുമായി വാർഡ് നിർമിച്ചത്. ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് വാർഡിന്റെ ആശീർവാദം നിർവഹിച്ചു. സ്മൈൽ ട്രെയിൻ പ്രസിഡന്റ് ഡോ.സുസന്ന ഷാഫർ ഉദ്ഘാടനം ചെയ്തു. ജൂബിലി അസി. ഡയറക്ടർ ഫാ. ടെറിൻ മുല്ലക്കര, ജൂബിലിയിലെ മുറിച്ചുണ്ട് പരിചരണ കേന്ദ്രമായ ചാൾസ് പിന്റോ സെന്റർ മേധാവി ഡോ.പി.വി. നാരായണൻ, മെഡിക്കൽ സൂപ്രണ്ട് ഡോ.ഷിബു സി. കള്ളിവളപ്പിൽ, ഡോ.വസന്ത് രാധാകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

ചികിത്സയ്ക്കൊപ്പം കുട്ടികളുടെ മാനസികസന്തോഷത്തിനും പരിചരണത്തിനും പ്രാധാന്യം നൽകുന്ന രീതിയിലാണു വാർഡ് സജ്ജമാക്കിയത്. 20 കിടക്കകൾ കൂടാതെ കളിസ്ഥലം, ആധുനിക നഴ്സിങ് സ്റ്റേഷൻ എന്നിവയുമുണ്ട്.

ജൂബിലി മിഷൻ ആശുപത്രിയിൽ ഇതുവരെ 26,000 കുട്ടികൾക്കു സൗജന്യമായി മുറിച്ചുണ്ട്, മുറിയണ്ണാക്ക് ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്. ഓരോ കുഞ്ഞിനും രണ്ടു വർഷത്തിനകം നാലു ശസ്ത്രക്രിയകൾ ചെയ്താണു സാധാരണനിലയിലേക്ക് എത്തിക്കുന്നത്. 5 മുതൽ 8 വരെ ലക്ഷം രൂപ ചെലവുവരുന്ന നാലു ശസ്ത്രക്രിയകളും 25 വർഷമായി സ്മൈൽ ട്രെയിനാണ് സ്പോൺസർ ചെയ്യുന്നത്.




# ഡെങ്കിപ്പനി വാക്സിൻ വിതരണം ചെയ്യാൻ ടകേഡയും ഡോ. റെഡ്ഡീസും

**കൊച്ചി:** ഡെങ്കിപ്പനി വാക്സിനായ ക്യൂഡെംഗയുടെ ഇന്ത്യയിലെ സ്വകാര്യ വിപണിയിലെ പ്രചാരണത്തിനും വിതരണത്തിനുമായി ടകേഡ ഫാർമസ്യൂട്ടിക്കൽസും ഡോ. റെഡ്ഡീസ് ലബോറട്ടറീസും സഹകരിക്കുന്നു. കുട്ടികൾക്കും മുതിർന്നവർക്കുമുള്ള വാക്സിനേഷൻ വിഭാഗത്തിലാണ് സഹകരണം. ബന്ധപ്പെട്ട അധികൃതരുടെ നടപടികൾ പൂർത്തിയാക്കിയ ശേഷം 2027ന്റെ ആദ്യ പകുതിയിൽ ക്യൂഡെംഗ ഇന്ത്യയിൽ ലഭ്യമാകുമെന്നാണ് പ്രതീക്ഷ. 4 മുതൽ 60 വയസുവരെയുള്ളവർക്കായി ക്യൂഡെംഗയ്ക്ക് ഇന്ത്യയിലെ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ (സിഡിഎസ്‌സിഒ) ജൂലൈയിൽ വിപണനാനുമതി നൽകിയിരുന്നു. ഇന്ത്യയിൽ അംഗീകാരം ലഭിച്ച ആദ്യ ഡെങ്കിപ്പനി വാക്സിനാണ് ക്യൂഡെംഗ. രോഗബോധവൽക്കരണം, ആരോഗ്യപ്രവർത്തകരുമായുള്ള ഇടപെടൽ, വാക്സിൻ പ്രചാരണം, വിതരണം എന്നിവയിൽ ഇരു കമ്പനികളും സഹകരിക്കും. സ്വകാര്യ വിപണിയിൽ ക്യൂഡെംഗയുടെ പ്രചാരണത്തിനും വിതരണത്തിനുമുള്ള എക്സ്ക്ലൂസീവ് പങ്കാളിയാണ് ഡോ. റെഡ്ഡീസ്.

# ആമസോൺ അലക്സാ+ ഇന്ത്യയിൽ അവതരിപ്പിച്ചു

**കൊച്ചി:** ആമസോൺ ജനറേറ്റീവ് എഐ അടിസ്ഥാനമാക്കിയ പുതിയ വ്യക്തിഗത അസിസ്റ്റന്റ് അലക്സാ+ ഇന്ത്യയിൽ അവതരിപ്പിച്ചു. ഇംഗ്ലീഷ്, ഹിന്ദി, ഹിങ്ലിഷ് ഭാഷകളിൽ സ്വാഭാവിക സംഭാഷണത്തിലൂടെ ഉപയോക്താക്കളുടെ ആവശ്യങ്ങൾ മനസിലാക്കി പ്രവർത്തിക്കാൻ അലക്സാ+ക്ക് കഴിയും. സ്മാർട്ട് ഹോം നിയന്ത്രണം, ഷോപ്പിങ്, ഭക്ഷണക്രമം തയ്യാറാക്കൽ, സംഗീതം കണ്ടെത്തൽ, വിനോദം തുടങ്ങിയ സേവനങ്ങൾ അലക്സാ+ വഴി ലഭ്യമാകും. നിലവിൽ എർലി ആക്സസ് ഘട്ടത്തിൽ തിരഞ്ഞെടുത്ത എക്കോ സ്പീക്കറുകൾ, സ്മാർട്ട് ഡിസ്‌പ്ലേകൾ, ഫയർ ടിവി ഉപകരണങ്ങൾ, അലക്സാ മൊബൈൽ ആപ്പ് എന്നിവയിൽ യോഗ്യരായ ഉപയോക്താക്കൾക്ക് സൗജന്യമായി അലക്സാ+ ഉപയോഗിക്കാം. എളുപ്പത്തിലുള്ള സംഭാഷണത്തിലൂടെ വിവിധ സേവനങ്ങളുമായി ബന്ധിപ്പിച്ച് പ്രവർത്തിക്കാനും അലക്സാ+ സഹായിക്കും. ഉടൻ ഈസി ഡൈനർ, സ്വിഗ്ഗി, സൊമാറ്റോയുടെ ഡിസ്ട്രിക്ട്, മേക്ക്മൈട്രിപ്പ് തുടങ്ങിയ സേവനങ്ങളും അലക്സാ+യിൽ ലഭ്യമാകും.

# ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫിന് 99.31 ശതമാനം ക്ലെയിം സെറ്റിൽമെന്റ് നിരക്ക്

**കൊച്ചി:** നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 99.31 ശതമാനം ക്ലെയിം സെറ്റിൽമെന്റ് നിരക്ക് കൈവരിച്ച് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് രാജ്യത്തെ മുൻനിര കമ്പനികളിൽ ഒന്നാമതെത്തി. ഈ കാലയളവിൽ 414.08 കോടി രൂപയുടെ മരണാനന്തര വ്യക്തിഗത ക്ലെയിമുകളാണ് കമ്പനി തീർപ്പാക്കിയത്. തീർപ്പാക്കിയ ഓരോ ക്ലെയിമിന്റെയും ശരാശരി മൂല്യം ഏകദേശം 15 ലക്ഷം രൂപയാണ്; മുൻനിര ലൈഫ് ഇൻഷുറൻസ് കമ്പനികളിലെ ഏറ്റവും ഉയർന്ന ശരാശരി നിരക്കാണിത്.

അന്വേഷണം ആവശ്യമില്ലാത്ത ക്ലെയിമുകളിൽ അവസാന രേഖ ലഭിച്ച് ഒരു ദിവസത്തിനകം തുക ലഭ്യമാക്കാൻ കമ്പനിക്ക് സാധിച്ചതായി അണ്ടർറൈറ്റിംഗ് ആൻഡ് റീട്ടെയിൽ ക്ലെയിംസ് ചീഫ് സാരംഗ് ഗോഖലെ വ്യക്തമാക്കി. 'ക്ലെയിം ഫോർ ഷുവർ' പദ്ധതി വഴി 75 കോടി രൂപയുടെ ക്ലെയിമുകൾ ഇത്തരത്തിൽ ഒറ്റ ദിവസം കൊണ്ട് നൽകി. മൊബൈൽ ആപ്പ്, വാട്ട്സ്ആപ്പ്, വെബ്സൈറ്റ് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങളിലൂടെ ക്ലെയിം നടപടികൾ കൂടുതൽ വേഗത്തിലും ലളിതവുമാക്കാൻ കമ്പനി സൗകര്യമൊരുക്കിയിട്ടുണ്ട്.